പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 450 06.02.2013 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി.യും ഡീസൽ വില വർദ്ധനവും

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ഡീസലിന്റെ വില ക്രമാതീതമായി ഉയർത്തിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വർദ്ധനവ് പൊതുഗതാഗതരംഗത്ത് ഉണ്ടാക്കുന്ന ആഘാതങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അടിക്കടി ഉണ്ടാകുന്ന ഡീസൽ വില വർദ്ധനവും 'ബൾക്ക് കൺസ്യൂമർ' എന്ന നിലയിൽ ഇപ്പോഴുണ്ടാകുന്ന ഭീമമായ വില വർദ്ധനവും കെ.എസ്.ആർ.ടി.സി.യെ കടുത്ത പ്രതിസന്ധിയിലേയ്ക്ക് തള്ളിവിട്ടിരിക്കുകയാണ്. ഇത് മറികടക്കുന്നതിന് എണ്ണ കമ്പനികൾ കൈക്കൊണ്ട നിലവിലെ തീരുമാനം അടിയന്തിരമായി പിൻവലിക്കേണ്ടിയിരിക്കുന്നു. ഡീസൽ വിലയിലും അനുബന്ധ സാമഗ്രികളിലും അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവ് സാധാരണക്കാരന്റെ വാഹനമായ സ്റ്റേജ് ക്യാരേജുകളുടെ നിലനിൽപ്പിന് ഭീഷണിയായതിനാൽ ഡീസലിന് പകരമായുള്ള ഇന്ധനം ഉപയോഗിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് കൂടി പഠനം നടത്തേണ്ടിയിരിക്കുന്നു. |
| (സി) | പ്രസ്തുത വില വർദ്ധനവിനു ശേഷം പല ഷെഡ്യൂളുകളും വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | വില വർദ്ധനവിനെ തുടർന്ന് ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടില്ല. |
| (ഡി) | ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ